# ശബരിമല വാർത്താക്കുറിപ്പ്
# 30.12.2024
## മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## മകരവിളക്ക് മഹോത്സവം: ശബരിമലയിൽ പോലീസിന്റെ പുതിയ ബാച്ച് ചുമതലയേറ്റെടുത്തു

ശബരിമലയിൽ പോലീസിന്റെ അഞ്ചാമത്തെ ബാച്ച് സ്പെഷ്യൽ ഓഫീസർ എസ്. മധുസൂദനന്റെ നേതൃത്വത്തിൽ ചുമതലയേറ്റെടുത്തു. നിലവിൽ തിരുവനന്തപുരം ക്രൈം ബ്രാഞ്ച് എസ്പിയാണ് എസ് മധുസൂദനൻ.

അന്യ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ വരുന്ന അതിഥികളായ അയ്യപ്പഭക്തന്മാർക്ക് അടുത്ത ഒരു വർഷത്തേക്ക് ശബരീശന്റെ ദിവ്യരൂപം മനസ്സിൽ നിൽക്കത്തക്കരീതിയിൽ ദർശനം സാധ്യമാക്കി അവരെ തിരികെ മടക്കുക എന്നുള്ളതാകണം ഡ്യൂട്ടിയിലുള്ള ഓരോരുത്തരുടെയും കടമയെന്ന് സ്പെഷ്യൽ ഓഫീസർ പുതിയ ബാച്ചിനെ ഓർമ്മപ്പെടുത്തി.

സന്നിധാനവുമായി ബന്ധപ്പെട്ട എല്ലാ സ്ഥലങ്ങളെക്കുറിച്ചും കൃത്യമായ ഗ്രാഹ്യം ഡ്യൂട്ടിയിലുള്ള ഓരോ പോലീസ് ഉദ്യോഗസ്ഥനും ഉണ്ടായിരിക്കണമെന്നും അയ്യപ്പഭക്തരുടെ ചോദ്യങ്ങൾക്ക് ക്ഷമയോടെ കൃത്യമായ ഉത്തരങ്ങൾ നൽകാൻ ശ്രദ്ധിക്കണമെന്നും സ്പെഷ്യൽ ഓഫീസർ പറഞ്ഞു.

കൊടിമരം, സോപാനം, പതിനെട്ടാം പടി, നടപ്പന്തൽ, യൂ-ടേൺ, ശരംകുത്തി, മരക്കൂട്ടം, മാളികപ്പുറം, പാണ്ടിത്താവളം, കൺട്രോൾ റൂം എന്നിവയാണ് പ്രധാന പോലീസ് ഡ്യൂട്ടി പോയിന്റുകൾ.

നടപ്പന്തൽ മുതൽ മരക്കൂട്ടം വരെയുള്ള ഒന്നാമത്തെ സെക്ടറിന്റെ ചുമതല എ.എസ്.പി ഹരീഷ് ജെയിനിനും പതിനെട്ടാം പടി മുതൽ പാണ്ടിത്താവളം വരെയുള്ള രണ്ടാമത്തെ സെക്ടറിന്റെ ചുമതല എ.എസ്.ഒ വിനോദിനുമാണ്.

10 ഡിവൈഎസ്പിമാരും, 33 സിഐമാരും, 96 എസ്ഐ-എഎസ്ഐമാരും ഉൾപ്പെടെ 1,437 പേരാണ് പുതിയ ബാച്ചിലുള്ളത്.

## മകരവിളക്ക് മഹോത്സവം: സന്നിധാനത്ത് അഗ്നിരക്ഷാസേന ശുചീകരണ പ്രവർത്തനങ്ങൾ നടത്തി

ശബരിമല: മകരവിളക്ക് മഹോത്സവം തുടങ്ങുന്നതിനോടനുബന്ധിച്ച് സന്നിധാനം, പതിനെട്ടാം പടി, മാളികപ്പുറം, അരവണ കൗണ്ടർ എന്നിവിടങ്ങളിൽ അഗ്നിരക്ഷാസേന തിങ്കളാഴ്ച ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

മണ്ഡലകാല ഉത്സവം കഴിഞ്ഞ് ഡിസംബർ 26ന് നടയടച്ച ശേഷം അപ്പാച്ചിമേട് മുതൽ സന്നിധാനം വരെയുള്ള മേഖലയിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിശുദ്ധി സേന, വിവിധ സന്നദ്ധ സംഘടനകളിലെ അംഗങ്ങൾ തുടങ്ങിയവർ ചേർന്ന് നേരത്തെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

## ശബരിമലയിൽ മകരവിളക്ക് തീർത്ഥാടനത്തിന് ആരംഭം

മകരവിളക്ക് തീർത്ഥാടനത്തിനായി ഇന്ന് (ഡിസംബർ 30) വൈകിട്ട് നാലിന് ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്ര നടതുറന്നു.

വൈകിട്ട് നാലിന് ക്ഷേത്രം തന്ത്രി കണ്ഠരര് രാജീവരുടെ മുഖ്യ കാർമികത്വത്തിൽ മേൽശാന്തി എസ്. അരുൺകുമാർ നമ്പൂതിരി നടതുറന്നു. അതേതുടർന്ന് ശബരീശന്റെ വിഗ്രഹത്തിൽ ചാർത്തിയ വിഭൂതിയും താക്കോലും മേൽശാന്തിയിൽ നിന്നുമേറ്റുവാങ്ങിയ ശേഷം മാളികപ്പുറം മേൽശാന്തി ടി. വാസുദേവൻ നമ്പൂതിരി ഗണപതിയെയും നാഗരാജാവിനെയും തൊഴുത് മാളികപ്പുറം ശ്രീകോവിൽ തുറന്നു.

മേൽശാന്തി അരുൺകുമാർ നമ്പൂതിരി ആഴിയിൽ അഗ്നി പകർന്നതിന് ശേഷം അയ്യപ്പഭക്തർ പതിനെട്ടാം പടി ചവിട്ടി ദർശനം നടത്തി. ശബരിമല എക്സിക്യൂട്ടിവ് ഓഫീസർ ബി. മുരാരി ബാബു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബിജു വി. നാഥ് തുടങ്ങിയവർ ദർശനത്തിനെത്തി.

മണ്ഡലമഹോത്സവം സമാപിച്ചശേഷം ഡിസംബർ 26ന് നടയടച്ചിരുന്നു. ജനുവരി 14നാണ് മകരവിളക്ക്. ജനുവരി 19 വരെ തീർത്ഥാടകർക്ക് ദർശനം സാധ്യമാകും. ജനുവരി 20ന് രാവിലെ നടയടയ്ക്കും.

## ശബരിമല ക്ഷേത്ര സമയം (31.12.2024)

രാവിലെ 3.00 – ഉച്ചയ്ക്ക് 1.00

വൈകുന്നേരം 3.00 – രാത്രി 11.00

പൂജാ സമയം

നെയ്യഭിഷേകം– രാവിലെ 3.30 മുതൽ

ഉഷഃപൂജ – രാവിലെ 7.30

ഉച്ച പൂജ – 12.30

ദീപാരാധന – വൈകിട്ട് 6.30

അത്താഴപൂജ – രാത്രി 9.30

രാത്രി 11 മണിക്ക് ഹരിവരാസനത്തോടെ നട അടയ്ക്കും.